പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.156 03.05.2017 ൽ മറുപടിയ്ക്ക്

ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി.കെ. മുരളി<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. കെ.ഡി. പ്രസേനൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദക്ഷിണേന്ത്യയിൽ ആകെയുണ്ടായ വരൾച്ച, സംസ്ഥാനത്തെ ഭക്ഷ്യധാന്യ ലഭ്യതയെ പ്രതികൂലമായി ബാധിക്കുകയും വിലക്കയറ്റത്തിനിടയാക്കുകയും ചെയ്തത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നു.<br>സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റ് |

| | | | |
|---|---|---|---|
| | | | വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./ മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |
| (ബി) | അമിത വിലക്കയറ്റത്തിന് കാരണക്കാരായ അരി ലോബിയുടെ ശ്രമം പരാജയപ്പെടുത്തി, മറ്റു സംസ്ഥാനങ്ങളിൽ നിന്നും അരി എത്തിച്ച് അരിക്കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതി ഫലപ്രദമായി നടക്കുന്നുണ്ടോ; | (ബി) | ഉണ്ട്. സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി വിവിധ ഇനം അരികൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി വരുന്നു. സബ്സിഡി ഇനത്തിൽ ജയഅരി, കുറവ അരി എന്നിവ കിലോ ഗ്രാമിന് 25/- രൂപയ്ക്കും, മട്ട അരി 24/- രൂപയ്ക്കും, പച്ചരി 23/- രൂപയ്ക്കും വിതരണം ചെയ്തു വരുന്നു. എഫ്.സി.ഐ. യിൽ നിന്നും ഇ-ഓക്ഷൻ മുഖേന വാങ്ങിയ പച്ചരി 23/- രൂപയ്ക്കും പുഴക്കലരി 25/- രൂപയ്ക്കും സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. ഓയിൽ പാം ഇന്ത്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി എന്ന പേരിൽ മട്ട (ഉണ്ട) അരിയും കിലോ ഗ്രാമിന് 33/- രൂപ നിരക്കിൽ ലഭ്യമാക്കി വരുന്നു. ഇത്തരത്തിൽ എല്ലാ ഇനം അരിയും കുറഞ്ഞ നിരക്കിൽ ആവശ്യമായ അളവിൽ സപ്ലൈകോ വിൽപ്പന ശാലകൾ വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട്. |
| (സി) | അരിക്ഷാമം നേരിടുമ്പോഴും കേന്ദ്ര സർക്കാർ അരി കയറ്റുമതി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; ഇത് രാജ്യത്തെ കമ്പോള വിലയെ ബാധിക്കുന്നതിന് കാരണമായിട്ടുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടിയിൽ നിന്നും പിൻതിരിയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ